## വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് – 2026-27 സാമ്പത്തിക വർഷത്തെ അധിക സംസ്ഥാന വിഹിതം ഹോണറേറിയം 2027 മാർച്ച് വരെയുള്ള തുക - അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(കൈ) നം .4/2026/WCDD തീയതി 28/02/2026
2. സ.ഉ.(കൈ) നം .8/2026/WCDD തീയതി 19/05/2026
3. 01/04/2026 ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം: DWCD/1842/2026-ICDSB6 തീയതി: 05-08-2026**

വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായി, അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് സ്പാർക്ക് മുഖേന അനുവദിച്ച് വരുന്ന അധിക സംസ്ഥാന വിഹിത ഹോണറേറിയത്തിലെ ചെലവിനങ്ങൾ 2025-26 സാമ്പത്തിക വർഷം മുതൽ വഹിക്കുന്നത് 2235-02-102-55-00-02-04 NPV Consolidated Pay ശീർഷകത്തിലാണ്. അങ്കണവാടി പ്രവർത്തകരുടെ 2026 മാർച്ച് മാസം മുതൽ 2026 ഓഗസ്റ്റ് മാസം വരെയുള്ള അധിക സംസ്ഥാന വിഹിതം ഹോണറേറിയം പരാമർശം (3) പ്രകാരം കീഴ്ക്കാര്യാലയങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

01/06/2026 പ്രാബല്യത്തിൽ അങ്കണവാടി പ്രവർത്തകരുടെ അധിക സംസ്ഥാന വിഹിത ഹോണറേറിയം പരാമർശം (2) പ്രകാരം 1000/- രൂപ വർദ്ധിപ്പിച്ചതനുസരിച്ച് പ്രതിമാസം 6,62,40,000/-രൂപയും അങ്കണവാടി പ്രവർത്തകർക്ക് അധികമായി അനുവദിക്കേണ്ടതുണ്ട്. ആയതു പ്രകാരം 2026 ജൂൺ മുതൽ 2026 ഓഗസ്റ്റ് വരെ 19,87,20,000/- രൂപ കീഴ്ക്കാര്യാലയങ്ങൾക്ക് അധികമായി ആവശ്യമായി വരുന്നു. ടി തുകയും, തുടർന്ന് 2026 സെപ്റ്റംബർ മുതൽ 2027 ഫെബ്രുവരി വരെ ആവശ്യമായ തുകയും ഉൾപ്പെടെ 359,68,32,000/-രൂപ ( മുന്നൂറ്റി അൻപത്തി ഒൻപത് കോടി അറുപത്തിയെട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ) 2235-02-102-55-00-02-04 NP(V) Consolidated Pay ശീർഷകത്തിൽ നിന്നും 14 ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| 2026 സെപ്റ്റംബർ മുതൽ 2027 ഫെബ്രുവരിവരെ അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്കുള്ള ഹോണറേറിയം , ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുക | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | 2026 ജൂൺ മുതൽ 2026 ഓഗസ്റ്റ്വരെ അധികമായി ആവശ്യമായ തുക 1000/- രൂപ നിരക്കിൽ | അങ്കണവാടി വർക്കർമാരുടെ ഹോണറേറിയം തുക 9300/- രൂപാ നിരക്കിൽ 09/2026 മുതൽ 02/2027 വരെ | അങ്കണവാടി ഹെൽപ്പർമാരുടെ ഹോണറേറിയം തുക 7800/- രൂപാ നിരക്കിൽ 09/2026 മുതൽ 02/2027 വരെ | 2027 ഫെബ്രുവരി വരെ അലോട്ട്മെന്റായി അനുവദിക്കുന്ന ആകെ തുക |

| | | | | | | |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 18366000 | 170803800 | 143254800 | 332424600 |
| 2 | കൊല്ലം | 2723 | 16338000 | 151943400 | 127436400 | 295717800 |
| 3 | ആലപ്പുഴ | 2150 | 12900000 | 119970000 | 100620000 | 233490000 |
| 4 | പത്തനംതിട്ട | 1389 | 8334000 | 77506200 | 65005200 | 150845400 |
| 5 | കോട്ടയം | 2050 | 12300000 | 114390000 | 95940000 | 222630000 |
| 6 | ഇടുക്കി | 1561 | 9366000 | 87103800 | 73054800 | 169524600 |
| 7 | എറണാകുളം | 2858 | 17148000 | 159476400 | 133754400 | 310378800 |
| 8 | തൃശ്ശൂർ | 3016 | 18096000 | 168292800 | 141148800 | 327537600 |
| 9 | പാലക്കാട് | 2838 | 17028000 | 158360400 | 132818400 | 308206800 |
| 10 | മലപ്പുറം | 3808 | 22848000 | 212486400 | 178214400 | 413548800 |
| 11 | കോഴിക്കോട് | 2938 | 17628000 | 163940400 | 137498400 | 319066800 |
| 12 | വയനാട് | 876 | 5256000 | 48880800 | 40996800 | 95133600 |
| 13 | കണ്ണൂർ | 2504 | 15024000 | 139723200 | 117187200 | 271934400 |
| 14 | കാസർഗോഡ് | 1348 | 8088000 | 75218400 | 63086400 | 146392800 |
| | ആകെ | 33120 | 198720000 | 1848096000 | 1550016000 | 3596832000 |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ മാസത്തേക്കും ആവശ്യമായ തുക മാത്രം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. അനുവദിക്കപ്പെടുന്ന തുക കൃത്യമായി ചെലവഴിക്കുന്നു എന്നു SCO-മാർ BAMS പ്രകാരം പരിശോധിക്കേണ്ടതാണ്. അധിക സംസ്ഥാനവിഹിത ഹോണറേറിയം അനുവദിക്കുന്നതിന്മേൽ വീഴ്ചയോ കാലതാമസമോ ഉണ്ടാകുന്നില്ലായെന്നും 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നു മാത്രമേ തുക അനുവദിയ്ക്കുന്നുള്ളൂവെന്നും, ശീർഷകം മാറി തുക ചെലവഴിക്കുന്നില്ല എന്നും SCO മാർ ഉറപ്പു വരുത്തേണ്ടതാണ്.

(ഒപ്പ്)

**വനിതാ-ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ

2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്

3 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്